**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഗോത്രവിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗോത്രവിഭാഗ ജനങ്ങൾക്കിടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഗോത്രവിഭാഗ ജനങ്ങൾക്കിടയിൽ കുട്ടികളിലും സ്ത്രീകളിലും വിളർച്ച (Anaemia), കുട്ടികളിൽ Severe Acute Malnutrition (SAM), Moderate Acute Malnutrition (MAM) പോലുള്ള അവസ്ഥകൾ കണ്ടു വരുന്നുണ്ട്. ഗർഭിണികളിലെ പോഷകാഹാരക്കുറവ്, മാസം തികയാതെയുള്ള പ്രസവം, ഭാരക്കുറവുള്ള കുഞ്ഞുങ്ങളുടെ ജനനം എന്നിവക്ക് കാരണമാകുന്നതിനാൽ പ്രത്യേക പരിചരണം ആവശ്യമാണ്. |
| (ബി) | ഗോത്രവിഭാഗ മേഖലകളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | Severe Acute Malnutrition (SAM) പോലുള്ള ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി കേരളത്തിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ(Nutritional Rehabilitation Centres) വയനാട് സുൽത്താൻബത്തേരിയിലും, പാലക്കാട് അഗളി, ഷോളയൂർ, പുതൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | Severe Acute Malnutrition (SAM) എന്ന ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികളെ പ്രവേശിപ്പിച്ച് അവശ്യം വേണ്ട മെഡിക്കൽ സേവനങ്ങളും, പോഷകാഹാരങ്ങളും നൽകി പരിചരിക്കുകയാണ് പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനം. ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് കുട്ടികളെ ഇവിടെ പ്രവേശിപ്പിക്കുകയും വിടുതൽ ചെയ്യുന്നതും. ഈ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്താലും പോഷകാഹാര പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് നിരീക്ഷിക്കുകയും ആവശ്യമായ തുടർ പരിചരണ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കുട്ടികളുടെ സ്ഥിതി അനുസരിച്ച് ആവശ്യമെങ്കിൽ വീണ്ടും പ്രവേശിപ്പിക്കുന്നതാണ്. ചികിത്സ കൂടാതെ പോഷകാഹാരക്കുറവ് തടയാനുള്ള പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | പ്രസ്തുത കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്നു. മുലയൂട്ടലിന്റെ പ്രാധാന്യം, കൃത്യമായ രീതിയിലുള്ള മുലയൂട്ടൽ, കുട്ടികളുടെ പ്രായത്തിന് അനുസരിച്ചുള്ള ഭക്ഷണ ക്രമീകരണം, ശാസ്ത്രീയവും പ്രാദേശികവുമായ പാചകരീതികൾ എന്നിവയെ കുറിച്ച് പരിശീലനവും ഈ കേന്ദ്രങ്ങൾ വഴി നൽകുന്നു. കൂടാതെ കുഞ്ഞുങ്ങളിൽ പോഷകാഹാരക്കുറവിന്റെ ലക്ഷണങ്ങൾ തിരിച്ചറിയുന്നതിന് അമ്മമാർക്ക് പരിശീലനവും നൽകുന്നുണ്ട്. പട്ടിക വർഗ്ഗ വകുപ്പ്, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ വകുപ്പ്, സാമൂഹിക ക്ഷേമ വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നത്. 'പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫീസർ, സോഷ്യൽ വർക്കർ, ന്യൂട്രിഷൻ കൗൺസിലർ എന്നിവരുടെ സേവനങ്ങൾ ലഭ്യമാണ്. ആവശ്യമായ ഭക്ഷണം തയ്യാറാക്കുന്നതിനായി ഓരോ കേന്ദ്രത്തിലും പാചകശാലയും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ